# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3535  20.10.2016 ൽ മറുപടിക്ക്**

**പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, ഹൈബി ഈഡൻ<br>,, അടൂർ പ്രകാശ്<br>,, എം.വിൻസെന്റ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ 31812 കി മീ ദൈർഘ്യം വരുന്ന റോഡുകളാണ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്നത്. ഇതിൽ നല്ലൊരു ഭാഗം നല്ല അവസ്ഥയിലാണ്. എന്നാൽ അനുദിനം വർദ്ധിച്ചു വരുന്ന ഗതാഗത – വാഹന സാന്ദ്രതയുടെയും, കാലാവസ്ഥയുടെയും കാരണങ്ങളാൽ ഈ റോഡുകളിൽ ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓച്ചിറ – ചേർത്തല റോഡ് അവ വീണ്ടും അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളെല്ലാം നിലവിൽ സഞ്ചാരയോഗ്യമാണ്. ശ്രദ്ധയിൽപ്പെടുന്ന അറ്റകുറ്റപ്പണികൾ യഥാസമയം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാറുണ്ട്. |
| ബി) സംസ്ഥാനത്തെ റോഡപകടങ്ങളുടെ മുഖ്യകാരണം റോഡുകളുടെ ശോച്യാവസ്ഥയാണെന്ന വസ്തുത പരിഗണിച്ച് പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും | ബി) സംസ്ഥാനത്തെ റോഡപകടങ്ങളുടെ മുഖ്യകാരണം ഡ്രൈവർമാരുടെ ശ്രദ്ധക്കുറവാണെന്ന് ഇത് സംബന്ധിച്ച ഗവേഷണ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നിരുന്നാലും റോഡുകളുടെ ശോച്യാവസ്ഥയും ഒരു പരിധി വരെ റോഡപകടങ്ങൾക്ക് കാരണമാകുന്നു എന്നത് വസ്തുതയാണ്. പൊതുമരാമത്ത് |

അടിയന്തര നടപടി സ്വീകരിക്കുമോ?

വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ 5 വർഷത്തിലൊരിക്കൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉപരിതലം പുതുക്കി ബലപ്പെടുത്തി വരുന്നു. റോഡുകളിൽ കാലാകാലങ്ങളിലുണ്ടാകുന്ന അടിയന്തിര സ്വഭാവമുള്ള അറ്റകുറ്റപ്പണികൾ റിപ്പോർട്ടുകൾ ലഭിക്കുന്നതനുസരിച്ച് നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്താറുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സി. എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കി വരുന്നു.

ദേശീയപാതകളിലെ അപകടങ്ങൾക്ക് കാരണം മുഖ്യമായും അതിയായ ഗതാഗത സാന്ദ്രതയാണ്. ആയതിനാൽ ഗതാഗത സാന്ദ്രതക്കനുസരിച്ച് ദേശീയപാതകൾ നാലുവരിപ്പാതയായും പേവ്ഡ് ഷോൾഡറോഡു കൂടിയ 2 വരിപ്പാതയായും വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ നടപടികൾ എടുത്തു വരുന്നു. കൂടാതെ റോഡുകളുടെ മെയിന്റനൻസ് സംബന്ധിച്ച മെയിന്റനൻസ് പോളിസി തയ്യാറാക്കി വരുന്നു. റോഡുകളുടെ മെയിന്റനൻസിനായി ഒരു മെയിന്റനൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ